**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3720 20.10.2016 -ലെ മറുപടിയ്ക്ക്

**ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ബിരുദ, ബിരുദാനന്തര സയൻസ് കോഴ്സുകൾ**

*ചോദ്യം* — ശ്രീ. ബി. സത്യൻ

*ഉത്തരം* — പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നിലവിൽ സയൻസ് വിഷയങ്ങൾക്കായി ഏതെല്ലാം കോഴ്സുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ സയൻസ് കോഴ്സുകളായ ബി.എസ്.സി. പോളിമർ കെമിസ്ട്രിയും എം.എസ്.സി. പോളിമർ കെമിസ്ട്രിയും നിലവിലുണ്ട്. |
| (ബി) | ചിറയിൻകീഴ് താലൂക്കിലെ ഏക ഗവൺമെന്റ് കോളേജായ പ്രസ്തുത കോളേജിൽ പുതിയതായി ഏതെല്ലാം ബിരുദ, ബിരുദാനന്തര സയൻസ് കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ബി.എസ്.സി. മാത്സ്, ബി.എസ്.സി. ഫിസിക്സ് എന്നീ കോഴ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | സയൻസ് ബ്ലോക്കും വനിതാ ഹോസ്റ്റലും ഉൾപ്പടെ മികച്ച സൗകര്യങ്ങൾ ഉണ്ടായിട്ടും പുതിയ കോഴ്സുകൾ അനുവദിക്കാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (സി) | ഗവൺമെന്റ് കോളേജുകളിൽ അധിക തസ്തിക സൃഷ്ടിക്കാതെ, നിലവിലുള്ള അദ്ധ്യാപകരെ ഉപയോഗിച്ചും, നിലവിലുള്ള ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിയും പുതിയ കോഴ്സുകൾ ആരംഭിക്കുന്നകാര്യമാണ് സർക്കാർ പരിഗണനയിലുള്ളത്. |

**സെക്ഷൻ ഓഫീസർ**